# ബിനുക്കഥകൾ | [vinuxavier]™

www.vinuxavier.com

**അഷേർട്ടീവ്നെസ്സ്.!**

അതായത്..ബിനുന്റെ അപ്രൈസൽ മീറ്റിങ്ങ് കഴിഞ്ഞ്.!

മൂന്നുവർഷമായി ഞാൻ അർഥം തപ്പിക്കൊണ്ടിരിക്കുന്ന ഒരു വാക്കുണ്ട്.

**അസ്സേർട്ടീവ്നെസ്സ്..!**

എല്ലാ കൊല്ലത്തെയുംപോലെ ഇക്കൊല്ലവും എനിക്കതിന്റെ കൊറവുണ്ടെന്ന് ..

ബിനു ലെവൽ 4 ആവറേജ്.!

ആയകാലത്ത് ഈ ഇംഗ്ളീഷ് മീഡിയത്തിലൊന്നും പഠിക്കാൻ പറ്റാതിരുന്നതുകൊണ്ടും , അസ്സേർട്ടീവ്നെസ്സിന് മീനിങ്ങ് തപ്പാൻവേണ്ടി ചെന്നുപെട്ട ഗൂഗിള് , ഓൺലൈന് ഡിഷ്ണറി ,വിക്കിപീഡിക തുടങ്ങിയവയിൽ ഇതിന്റെ മീനിങ്ങ് എഴുതിവെച്ചിരിക്കുന്നിടത്തൊക്കെ അതിലും ക്രൂരമായ വാക്കുകൾ കണ്ടുതെട്ടിയതിനാലും ഇതിങ്ങനെ ഒരു പ്രഹേളികയായി ബിനുവിന്റെ മനസ്സിൽ എന്നും നിലനിന്നുപോന്നു.. അറിവുള്ളവരോടും അറിവില്ലാത്തവരോടും ഇതെന്താണെന്ന് ചോദിച്ച് അലഞ്ഞു . അറ്റകൈക്ക് , നിങ്ങളുടെ പുറത്തുപറയാൻ കൊള്ളാത്ത രോഗങ്ങൾ ഞങ്ങളെ അറിയിക്കൂ എന്ന് പത്രത്തിൽ കണ്ട പരസ്യത്തിലെ നമ്പറിൽപ്പോലും ബിനു വിളിച്ചുചോദിച്ചു .ഈ കാര്യത്തിലൊഴിച്ച് ബാക്കി എന്തിലും ഞങ്ങടെ കയ്യിൽ ചികിൽസയുണ്ട് എന്നു പറഞ്ഞ് ഡോക്ടർ കൈലമർത്തി സോറി കൈമലർത്തി ,തത്കാല ആശ്വാസത്തിനു ഒരു ടോണിക്ക് കുറിച്ചുതന്നു.

അങ്ങനെയിരിക്കെ ഈ വിഷമസന്ധിയിൽ ബിനുവിനെ സഹായിക്കാൻ സന്നദ്ധനായ പ്രശസ്തസാഹിത്യനിപുണൻ (എന്തോന്നു?) മൊത്തംചില്ലറ അരവിന്ദേട്ടന് ബിനു തദ്ദവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. ( മൊത്തംചില്ലറ::ബ്ളോഗ് )

നിങ്ങൾ അസ്സേർട്ടീവാണോ അനസ്സേർട്ടീവാണോ എന്ന് നിങ്ങൾക്കും കുടുമ്മത്തോടൊപ്പം ടെസ്റ്റ് ചെയ്തുനോക്കാവുന്നതാണ്!

അതിനായി നിങ്ങളെ സഹായിക്കുന്ന ടെസ്റ്റ് ഇതാ..

അദ്ദേഹത്തിന്റെ ഈമെയിൽ ഇവിടെ കോപ്പിപേസ്റ്റ് അടിക്കുന്നു.

---

ഡാ ഭിനു,

ദേ ലേറ്റസ്റ്റ് അസേർട്ടീവ്നെസ്സ് അളക്കുന്ന ടെസ്റ്റ്. ഈ ചോദ്യങ്ങളുടെ ഉത്തരങ്ങളെല്ലാം കറക്റ്റ് ആണെങ്കിൽ അസേർട്ടീവ്. ഇല്ലെങ്കിൽ കല്ലിവല്ലി.

എന്ന് അസേർട്ടീവ്നെസ്സ് കൺസൾട്ടന്റ് ശ്രീ ചില്ലരാനന്ദ

(അസേർട്ടീവ് തൈലം ഇപ്പോൾ ക്യാപ്സൂൾ രൂപത്തിലും)

1. നിങ്ങൾ ഒറ്റക്ക് ഒരു ബാറിലിരുന്നു(no smoking) ഒരു ബിയർ കഴിക്കുകയാണ്. അപ്പുറത്തെ മേശയിലിരുന്ന് സ്കോച്ചടിക്കുന്ന തടിമാടൻമാർ (ഒരാൾക്ക് മുഖത്ത് വെട്ടു കിട്ടിയ പാടുമുണ്ട്) പുകവലിക്കുന്നുപുക ആസ്ത്മ ശല്യമുള്ള നിങ്ങളുടെ ടേബിളിലേക്കാണ് വരുന്നത്..നിങ്ങൾ എന്ത് ചെയ്യും?

അ. ഒന്നും ചെയ്യില്ല, അനങ്ങാതെ അവിടെയിരുന്നു ബിയറടിച്ചു ശ്വാസം മുട്ടി മരിക്കും

ബി. അവരോട് പോയി എച്യൂസ് മി സാര്, പുകവലി ഒന്നു നിർത്താമോ, പറ്റില്ലെങ്കിൽ വേണ്ട, അടുത്ത കൂട് എന്റെ വക, ഇനിയും വലിച്ചോ എന്ന് പറയും

സി. അവിടെ പോയി സിഗർട്ട് വലിച്ചവൻമാരെയെല്ലാം തെറിപറഞ്ഞ് 2 പൊട്ടിച്ച് അവിടെ നിന്ന് കിട്ടുന്നതും വാങ്ങി പോരും

ഡി. ആരോടും മിണ്ടാതെ, മിഴികളിൽ നോക്കാതെ... ഇറങ്ങിപോരും

2. നിങ്ങൾക്ക് ബസ് കണ്ടക്ടർ 50 പൈസ ബാക്കി തരാനുണ്ട്. അടുത്ത ബസ്സ് പിടിക്കാൻ നിങ്ങൾക്ക് ടിക്കറ്റിനു 50 പൈസയുടെ കുറവുണ്ട്. ബസ്സ് നിർത്തിയപ്പോൾ കണ്ടക്ടർക്ക് ചുറ്റും സുന്ദരികളായ കോളേജ് കുമാരികളാണ് ഇരിക്കുന്നത്. നിങ്ങൾ എന്തു ചെയ്യും?

എ. ചേട്ടാ 50 പൈസ ബാക്കി കിട്ടാനുണ്ട് എന്ന് പറഞ്ഞു ചോദിച്ചു വാങ്ങും

ബി. ചേട്ടാ നൂറ് രൂപ കടം തരാമോ? നാളെ തിരിച്ചു തരാം എന്നു ചോദിച്ചു നോക്കും

സി. ഒന്നും മിണ്ടാതെ ഇറങ്ങി അടുത്ത ബസ്സ് പിടിക്കാതെ വീട്ടിലേക്ക് നടക്കും

ഡി. അടുത്ത ബസ്സിൽ 50 പൈസ കടം പറയും, ഇല്ലെങ്കില് മുൻപത്തെ സ്റ്റോപ്പിലിറങ്ങും

3. പെണ്ണു കാണാൻ പോയ നിങ്ങൾ പെണ്ണിന്റെ വീട്ടിലാണ്. പെണ്ണിനെ ഇഷ്ടപ്പെട്ടു. സുന്ദരി. പക്ഷേ പെണ്ണിനു നിങ്ങളെ ഇഷ്ടമായോന്നു ഡൌട്ടിലാണ്. പെട്ടെന്നു നിങ്ങൾക്ക് പ്രകൃതിയുടെ വിളി(നമ്പർടു തന്നെ)

വരുന്നു..എന്തു ചെയ്യും?

എ. എക്സ്ക്യൂസ് മി ടോയെല്റ്റ് എവിടെയാ എന്ന് അവളോട് ചോദിച്ചു

കണ്ടുപിടിച്ച് പോയി കാര്യം സാധിക്കും..

ബി. ഉടനെ വീട്ടിലെത്തി അത്യാവശ്യമുണ്ടെന്ന് പറഞ്ഞ് കാറിൽ കയറി,

റോഡരികിൽ നിർത്തിയോ മറ്റോ ആശ്വാസം തേടും

സി. ആമാശയത്തിന്റെ കപ്പാസിറ്റി അതി സാഹസികമായി അളക്കും

ഡി. ഷർട്ടിൽ ചായ വീഴ്ത്തി അതു കഴുകാനെന്ന വ്യാജേന ബാത്ത്റൂമിൽ കയറി

കാര്യം സാധിക്കും

4. മാനേജറും പ്രൊജക്റ്റ് ലീഡറും നിങ്ങളും ലഞ്ചിനു പോയി. 4 ചിക്കൻ കഷ്ണമിട്ട കറി കിട്ടി. ഓരോരുത്തരും ഓരോ പീസെടുത്തു. ലാസ്റ്റ് ഒരു പീസ് ബാക്കി കറിപാത്രത്തില്. നിങ്ങൾ എന്തു ചെയ്യും?

എ. രണ്ടുപേരുടേംമുഖത്തോട്ട് നോക്കാതെ ഒറ്റകുതിപ്പിനു ആ പീസെടുത്ത് പ്ലേറ്റിലിടും

ബി. ആ പീസെടുത്ത് മാനേജർക്ക് കൊടുത്തിട്ട് പി എല്ലിനെ നോക്കി

പ്രതികാരാത്മകമായി ചിരിക്കും

സി. മാനേജറോ പിഎല്ലോ ആ പീസെടുക്കുന്നത് നോക്കിയിരുന്ന് കൊതിച്ച്

അവരെകൊണ്ട് രണ്ടാഴ്ച ലീവെടുപ്പിക്കും

ഡി. ആദ്യമേ ചിക്കൻ പീസ് വേണ്ട എന്ന് പറഞ്ഞ് ഈരന്റു പീസ് മാനേജർക്കും

പിഎല്ലിനും വീതിച്ചു നൽകി രക്തസാക്ഷിത്വം വരിക്കും

---

ബിനു കട്ട അസ്സേർടീവ് ആണെന്ന് തെളിഞ്ഞു.

ഇതായിരുന്നു ബിനുവിന്റെ ഉത്തരങ്ങൾ :

പൊകവലിക്കേസ്::

അ. ഒന്നും ചെയ്യില്ല, അനങ്ങാതെ അവിടെയിരുന്നു ബിയറടിച്ചു ശ്വാസം മുട്ടി മരിക്കും

പൈസ ഇല്ലാത്ത കേസ്::

ഡി. അടുത്ത ബസ്സിൽ 50 പൈസ കടം പറയും, ഇല്ലെങ്കില് മുൻപത്തെ സ്റ്റോപ്പിലിറങ്ങും

പെണ്ണുകാണൽ കേസ് ::

ബി. ഉടനെ വീട്ടിലെത്തി അത്യാവശ്യമുണ്ടെന്ന് പറഞ്ഞ് കാറിൽ കയറി,

റോഡരികിൽ നിർത്തിയോ മറ്റോ ആശ്വാസം തേടും

ചിക്കൻ ഇഷ്യൂ ::

സി. മാനേജറോ പിഎല്ലോ ആ പീസെടുക്കുന്നത് നോക്കിയിരുന്ന് കൊതിച്ച്

അവരെകൊണ്ട് രണ്ടാഴ്ച ലീവെടുപ്പിക്കും

നിങ്ങൾ എന്തുമാത്രം അസ്സേർടീവ് ആണ്? ആയാ നിങ്ങക്ക് കൊള്ളാം?

വെലുതാവുമ്പോ ഒരു കൂടിയ ഇനം അസ്സേർട്ടീവ് ആവണെ എന്ന് പ്രാർഥനയോടെ.. ബിനു.!